നദീതട പഠനം

13 [*566] ശ്രീ. ഡി. സുഗതൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ വി. ഡി. സതീശൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദീതട പഠനം നടത്താനുദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം നദീതടത്തെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഓരോ നദിയിലും ലഭ്യമായ ജലം, അവയുടെ ജലവിനിയോഗം, നദികളെ അധികരിച്ചുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത മുതലായവയെപ്പറ്റി പഠനം നടത്തുന്നുണ്ടോ;

(ഡി) പ്രസ്തുത പഠനം നടത്തുന്നത് ഏത് ഏജൻസിയാണെന്ന് പറയുമോ;

(ഇ) എത്ര കാലത്തിനുള്ളിൽ ഈ പഠനം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) ഡ്രെയിനേജ് നെറ്റ്‌വർക്ക്, ഡ്രെയിനേജ് ഡെൻസിറ്റി, വാട്ടർ ഷെഡ് ബൗണ്ടറി, സോയിൽ സ്ലോപ്പ്, ലാൻഡ് യൂസ്, ജിയോമോർഫോളജി, അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറി, ഡിജിറ്റൽ ടൈറെൻ മോഡൽ ഇറിഗേറ്റഡ് ഏരിയാസ്, ഇറോഷൻ പ്രോൺ ഏരിയ, വാട്ടർ ലോഗ്ഡ് ഏരിയ, ഫ്ളഡ് പ്രോൺ ഏരിയ, റിവർ ബേസിൻ ഡാറ്റാബേസ് എന്നിവയെക്കുറിച്ചാണ് പഠനം നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. ചാലിയാർ നദീതടത്തെപ്പറ്റിയും പെരിയാർ നദീതടത്തെപ്പറ്റിയും വിശദമായ പഠനം നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നെയ്യാർ, പമ്പ-അച്ചൻകോവിൽ, ഭാരതപ്പുഴ, കല്ലട, ഇത്തിക്കര നദീതടങ്ങളെപ്പറ്റി പഠിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ചാലിയാർ നദീതടത്തെപ്പറ്റി പഠനം നടത്തിയത് ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഞ്ചേരിയാണ്. പെരിയാർ നദീതടത്തെപ്പറ്റി പഠനം നടത്തിയത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളമാണ്. എന്നാൽ നെയ്യാറിനേയും പമ്പ-അച്ചൻകോവിൽ നദികളെയുംപറ്റി പഠനം നടത്തുന്നത് ജലസേചനവകുപ്പും തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററും (കെ.എസ്.ആർ.ഇ.സി.) ചേർന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നെയ്യാറിനെക്കുറിച്ചുള്ള പഠനം ഈ സാമ്പത്തികവർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പമ്പ-അച്ചൻകോവിൽ നദീതടങ്ങളെക്കുറിച്ചുള്ള പഠനം 2004-05-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ

14 [*567] ശ്രീ. പി. ടി. തോമസ്:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ അവരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം തെളിയിച്ചിട്ടുള്ളവരാണോ;

(ബി അവരവരുടെ അധികാര പരിധിയിൽ വൈദഗ്ദ്ധ്യത്തോടുകൂടി ചെലവ് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുള്ള എത്ര വിദഗ്ദ്ധർ വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് കേഡറുകളിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന വൈദ്യുതി ബോർഡിൽ മാനേജ്മെന്റ് വിദഗ്ദ്ധരെ നിയമിക്കുകയോ കൺസൾട്ടന്റുമാരായി വയ്ക്കുകയോ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ, ബി) അവരവരുടെ കഴിവുകളനുസരിച്ച് വൈദഗ്ദ്ധ്യം തെളിയിച്ചവരാണ്. എത്ര പേരുണ്ടെന്ന കാര്യത്തിൽ പ്രത്യേകമായി എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

കർഷകർക്കും സംഘങ്ങൾക്കും ആവശ്യാനുസരണം ജലലഭ്യത ഉറപ്പുവരുത്തുവാൻ നടപടി

15 [*568] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ഡോ. തോമസ് ഐസക്:
ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുടെ ഏറ്റവും നിർണ്ണായക ഘടകമായ ജലസേചനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ആധാരമായ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കർഷകർക്കും അവരുടെ സംഘങ്ങൾക്കും യഥാസമയം ജലം ലഭ്യമാക്കുന്നതിന് ഇപ്പോൾ കഴിയുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly